


# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Parish Unit, 7800 W. Lyons St., Morton Grove, IL 60053
July 11, 2010, Vol. 5, Issue 42
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


## ജൂലൈ 11 ക്നാനായ റീജിയൺ പ്രാർത്ഥനാ ദിനം



**There will be special prayer services in all the missions of the Knanaya Catholic Region to prepare spiritually for the proposed six church consecrations. In our parish we will observe Sunday, July 11th as special prayer day with Holy Mass and one hour adoration at Maywood at 10:00 A.M. and thanksgiving mass at OLV Church at 5:30 P.M. That will be our last Mass at OLV. We will also have a thanksgiving mass and adoration at KCS Community Center on Thursday July 15th as we celebrate the last Mass and novena there. All are welcome to join these special services.**

ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി അമേരിക്കയിൽ ആറു ക്നാനായ കത്തോലിക്കാ ദൈവാലയങ്ങൾ കൂദാശ ചെയ്യുന്ന ധന്യ വേളകൾക്ക് ആത്മീയമായി ഒരുങ്ങുന്നതിനും ദൈവത്തിനു നന്ദി അർപ്പിക്കുന്നതിനുമായി ക്നാനായ റിജിയന്റെ നേതൃത്വത്തിൽ എല്ലാ ക്നാനായ മിഷനുകളിലും ഒരു ദിവസം പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ ക്നാനായ റീജിയണിലെ വൈദികകൂട്ടായ്മ തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം നമ്മുടെ ഇടവകയിൽ ജൂലൈ 11, ഞായറാഴ്ചയാണ് നാം പ്രാർത്ഥനാ ദിനമായി ആചരിക്കുന്നത്. അന്ന് രാവിലെ 10:00ന് മേവുഡ് പള്ളിയിലെ കൃതജ്ഞതാബലിയെ തുടർന്ന് തിരുമണിക്കൂർ ആരാധന നടത്തുന്നതാണ്. അന്നേദിവസമാണ് ഓ.എൽ.വി.യിലെ നമ്മുടെ അവസാനത്തെ ദിവ്യബലി. അതും കൃതജ്ഞതാബലിയായി അർപ്പിക്കുന്നതാണ്. കൂടാതെ, ജൂലൈ 15, വ്യാഴാഴ്ചയാണ് കമ്മ്യൂണിറ്റി സെന്ററിലെ നമ്മുടെ അവസാനത്തെ നോവേനയും കുർബാനയും. അന്ന് അവിടെ കൃതജ്ഞതാ ബലിയും ആരാധനയും ഉണ്ടായിരിക്കും. ഇവയിൽ പങ്കുചേർന്ന് ദൈവാലയ കൂദാശയ്ക്ക് ആത്മീയമായി ഒരുങ്ങുവാൻ ഏവരെയും ക്ഷണിക്കുന്നു.

# Our Second Church Consecration on July 18th








← Street sign board
Remodeling of the sanctuary is in progress.



പ്രതീക്ഷയോടെ നാം കാത്തിരുന്ന് അത്യുത്സാഹത്തോടെ ഒരുങ്ങുന്ന പള്ളികൂദാശ സമാഗതമാകുന്നു. ജൂലൈ 18നു രാവിലെ 9:30ന് നമ്മുടെ അഭിവന്ദ്യ മൂന്നു പിതാക്കന്മാർ ചേർന്ന് ദൈവാലയ കൂദാശ നിർവ്വഹിക്കും. ഭാരതീയ വാസ്തുശില്പ കലയും സീറോമലബാർ സഭാ പാരമ്പര്യവും അമേരിക്കൻ സാങ്കേതികയും സമന്വയിപ്പിച്ച് ആർട്ടിസ്റ്റ് നാരായണൻ കുട്ടപ്പന്റെ നേതൃത്വത്തിൽ പള്ളിയുടെ മദ്ബഹാ നിർമ്മാണം പുരോഗമിക്കുന്നു. പള്ളികൂദാശയിലേയ്ക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു.

## PASTOR / VICAR

Fr. Abraham Mutholathu Jacob
5212 W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
*www.knanayaregion.us/chicago*
For a list of Voluntary Staff / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at Maywood.
ENGLISH MASS at 11:40 A.M. at Maywood.
5:30 P.M. at OLV, 5212 W. Agatite Ave, Chicago.
THURSDAY 7:00 P.M. Community Center.
FRIDAY 7:00 P.M. at Maywood.
SATURDAY 10:00 A.M. at Maywood.

## SYRO-MALANKARA MASS

Third Saturdays of the month at 10:00 A.M.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and Morton Grove from September 12th.

## SACRAMENT OF RECONCILIATION (CONFESSION)

Every Sunday from 10:00 A.M. at Maywood.
First and Third Sundays from 3:45 P.M. at OLV.

## ADORATION

ALL: First Fridays after Mass.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass.
St. Jude Novena on Thursdays at 7:00 P.M. at Community Center.
St. Michael 3rd Fridays of the month after 7:00 P.M. Mass.

## PRAYER GROUP

Sundays after 10:00 A.M. Mass.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass

## LEGION OF MARY

First and Third Saturdays after 10:00 A.M. Mass.



© J. S. Paluch Co., Inc.

**July 2010**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

### SATURDAY, JULY 10, 2010

Holy Mass and novena at Maywood at 10:00 A.M.
First Communion Class of St. Mary's Unit at Morton Grove from 10:00 A.M. to noon.
Training of Altar Servers and Ushers at Morton Grove from 11:00 A.M. to 1:00 P.M. in preparation for church consecration and Main Feast.
Parents' Meeting of First Communion students at Morton Grove at 11:00 A.M.

### SUNDAY, JULY 11, 2010 കൈത്താക്കാലം ആരംഭം

Prayer day in preparation for church consecrations of the Knanaya Region.
Holy Mass at Maywood at 10:00 A.M. followed by one hour adoration.
Blessing of new volunteers of Maywood church.
Last Holy Mass by St. Mary's Unit at OLV Church at 5:30 P.M.

### THURSDAY, JULY 15, 2010

Feast Day of St. Kuriakose.
Last Holy Mass, novena and adoration at Community Center at 7:00 P.M.

### FRIDAY, JULY 16, 2010

Feast of Our Lady of Mount Carmel.
Holy Mass and novena of St. Michael at Maywood at 7:00 P.M.
Arrival of Archbishop Mar Mathew Moolakkatt and Bishop Mar Joseph Pandarasseril in Chicago for church Consecration.
Holy Mass and novena of St. Michael at Maywood at 7:00 P.M.

### SATURDAY, JULY 17, 2010

Syro-Malankara Holy Mass and novena at Maywood at 10:00 A.M.
Church Consecration in Detroit at 9:30 A.M.
Preparations for church consecration at Morton Grove.

### SUNDAY, JULY 18, 2010

**Church Consecration of St. Mary's Knanaya Catholic Church at 7800 W. Lyons St., Morton Grove and inaugural meeting of St. Mary's Knanaya Catholic Parish of Chicago at 9:30 A.M. by His Grace Mar Mathew Moolakkatt, H.E. Mar Jacob Angadiath, and H.E. Mar Joseph Pandarasseril.**
**Blessing of Visitation Convent, Chicago at 1:00 P.M.**
No Holy Mass at Sacred Heart Church, Maywood because of St. Mary's Church consecration.
No evening Mass at both churches.
7:00 P.M. Appreciation Dinner for Bishops, dignitaries and volunteers of Sacred Heart Church at Maywood church parish hall.

### MONDAY, JULY 19, 2010

**First Holy Mass in the Visitation Convent chapel at 9:00 A.M.**

### WEDNESDAY, JULY 21, 2010

Church Consecration in San Antonio at 5:00 P.M.

### THURSDAY, JULY 22, 2010

Holy Mass and novena of St. Jude at Morton Grove.

### FRIDAY, JULY 23, 2010

Holy Mass at Maywood at 7:00 P.M.



# വികാരിയുടെ സന്ദേശം

## ക്നാനായ റിജിയണോടു കൃപകാണിക്കുന്ന കർത്താവിനു കൃതജ്ഞതയർപ്പിക്കാം.

എന്റെ പ്രിയ സഹോദരങ്ങളേ,

2001 ജൂലൈ ഒന്നിന് ഉദ്ഘാടനം ചെയ്യപ്പെട്ട ഷിക്കാഗോയിലെ സെന്തോമസ് സീറോ മലബാർ രൂപതയെ അജപാലന സൗകര്യാർത്ഥം 2006 ഏപ്രിൽ 28ന് ഏഴ് റീജിയണുകളായി തിരിച്ചപ്പോൾ, ക്നാനായ മിഷനുകളെ പ്രാദേശികാടിസ്ഥാനത്തിൽ പല കഷണങ്ങളായി മുറിച്ച് സീറോ മലബാർ പള്ളികളുടെകൂടെ ചേർക്കാതെ, അമേരിക്കയിലെ മുഴുവൻ ക്നാനായ മിഷനുകളെയും, മിഷനില്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കാരെയും, സാമുദായികാടിസ്ഥാനത്തിൽ ഒന്നായി കണക്കാക്കി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവ് ക്നാനായ റീജിയൺ സ്ഥാപിച്ചതുന്നു. 1911 ആഗസ്റ്റ് 29ന് സീറോ മലബാർ സഭയ്ക്കുള്ളിൽ വ്യക്തിഗതാധികാരമുള്ള കോട്ടയം മിസ്സം വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പാ അനുവദിച്ചതുന്നുപോലെ ഷിക്കാഗോ സെന്തോമസ് സീറോ മലബാർ രൂപതയ്ക്കുള്ളിൽ സാമുദായിക സഭാസംവിധാനം നമുക്കങ്ങനെ സംലഭ്യമായി. ക്നാനായ സമുദായ വളർച്ചയിൽ ദൂരവ്യാപക നേട്ടമുണ്ടാക്കുന്ന ചരിത്ര പ്രധാനമായ ആ തീരുമാനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനോടു നാം ഏറെ കടപ്പെട്ടിരിക്കുന്നു.

ഷിക്കാഗോയിലെ ഓ.എൽ.വി. പള്ളിയിൽ വച്ച് ക്നാനായ റിജിയൺ ഔപചാരികമായി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവു പ്രഖ്യാപിക്കുമ്പോൾ നമുക്കുണ്ടായിരുന്നത് 10 മിഷനുകൾ മാത്രമാണ്. അന്ന് ബാഹ്യവും ആഭ്യന്തരവുമായ സാമുദായിക കലഹം മൂലം നാം സഭാപരമായി വളരാനാവാതെ സ്തംഭനാവസ്ഥയിലായിരുന്നു. പ്രതിബന്ധങ്ങളുടെ കോട്ട തകർത്ത് 2006 സെപ്റ്റംബറിൽ ഷിക്കാഗോ സേക്രഡ് ഹാർട്ട് ദൈവാലയം സ്ഥാപിച്ചതാണ് ക്നാനായ റിജിയന്റെ ചരിത്രത്തിലെ നാഴികക്കല്ലായി മാറിയത്. "പണിക്കാർ ഉപേക്ഷിച്ച കല്ലു മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്. ഇതു നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു." എന്ന് സങ്കീർത്തകൻ (118:22-23) ആലപിക്കുന്നതുപോലെ എല്ലാവരാലും ഒരിക്കൽ പരിത്യജിക്കപ്പെട്ട മേവുഡ് പള്ളി ക്നാനായ റിജിയന്റെ അടിസ്ഥാന ശിലയായി മാറിയിരിക്കുന്നു. ദൈവിക പദ്ധതി പ്രകാരം എളിമയിൽനിന്നുള്ള ആ തുടക്കത്തിൽ നമുക്കു സംരക്ഷണം നല്കിയത് ഇടവക മദ്ധ്യസ്ഥനായ ഈശോയുടെ തിരുഹൃദയവും, അവിടുത്തെ അമ്മയും സഹരക്ഷകയുമായ പരിശുദ്ധ കന്യകാമറിയവുമാണ്. ആ അമ്മയോടുള്ള നന്ദി സൂചകമായാണ് ഷിക്കാഗോയിൽ മറ്റൊരു ദൈവാലയം സ്ഥാപിക്കുമ്പോൾ ആ അമ്മയുടെതന്നെ പേരു നാം സ്വീകരിച്ചത്.

"ദീപം കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല" (മത്തായി 5:15) എന്ന തിരുവചനം പോലെ മേവുഡ് പള്ളി സജീവമായപ്പോൾ അത് പീഠത്തിൽ വയ്ക്കുന്ന വിളക്കിനു പകരം മലമുകളിൽ ഉയർത്തപ്പെട്ട പ്രകാശ ഗോപുരമാക്കുവാൻ നാം തീരുമാനിച്ചു. മാദ്ധ്യമങ്ങൾ മേവുഡ് പള്ളിയ്ക്കു നല്കിയ അനുകൂല പ്രചാരം, അതുപോലെ ക്നാനായ പള്ളികൾ തീർത്ത് സഭാപരമായി കുതിച്ചുയരുവാൻ മറ്റു പ്രദേശങ്ങളിലെ ക്നാനായ സഹോദരങ്ങൾക്ക് പ്രചോദനവും ആവേശവും നല്കി. അത്താഴം മുടക്കികളായ നീർക്കോലികളെ ഭയപ്പെട്ട്, വരുംതലമുറയുടെ ഭാവിയ്ക്കു പകരിക്കുന്ന പള്ളികൾ തീർക്കാതെ പകച്ചുനിന്നവർക്ക് മേവുഡ് പള്ളിക്കാർ നല്കിയ പ്രചോദനം നാലു വർഷങ്ങൾക്കുള്ളിൽ ഏഴ് പള്ളികൾകൂടി വാങ്ങി ഇടവകകളാക്കുവാൻ നമ്മുടെ സമുദായാംഗങ്ങൾക്കു ധൈര്യം പകർന്നു.

ഇന്ന് ആഗോള തലത്തിൽ ചർച്ചാ വിഷയമാകത്തക്കവിധം ക്നാനായ റീജിയനെ ദൈവം വളർത്തിയിരിക്കുന്നു. ഈ മാസം 17 മുതൽ ആഗസ്റ്റ് 1 വരെയുള്ള 16 ദിവസങ്ങൾക്കുള്ളിൽ ക്നാനായ റീജിയണിൽ ആറു പള്ളികൾ മൂന്നിലധികം മെത്രാന്മാർ കൂടി കൂദാശചെയ്യുകയും ഒരു പള്ളിയ്ക്കു തറക്കല്ലിടുകയും രണ്ടു കോൺവെന്റുകൾ വെഞ്ചരിക്കുകയും ചെയ്യുന്നത് സഭാ ചരിത്രത്തിൽതന്നെ അത്യപൂർവ്വ സംഭവമാണ്. ആഗസ്റ്റ് ഒന്നു മുതൽ നമ്മുടെ റീജിയണ് എട്ടു ഇടവകകളും 11 മിഷനുകളും രണ്ടു കോൺവെന്റുകളുമാകും. ഈ വലിയ വളർച്ചയ്ക്കു കൃപചൊരിഞ്ഞ ദൈവത്തിനു നന്ദിയർപ്പിക്കുവാനും പള്ളി കൂദാശകൾക്ക് ആത്മീയമായി ഒരുങ്ങുവാനുമാണ്, ക്നാനായ റീജിയണിലെ വൈദിക കൂട്ടായ്മയുടെ തിരുമാന പ്രകാരം ജൂലൈ 11നു നാം പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിക്കുന്നത്. അതിനാൽ ഈ ദിവസം നമുക്ക് ഉപവസിച്ചു പ്രാർത്ഥിച്ചും വിശുദ്ധ കുർബാനയുടെ തിരുസന്നിധിയിൽ ആരാധന നടത്തിയും പരോപകാര പ്രവർത്തനങ്ങളിൽ വ്യാപൃതരായും വിശുദ്ധ ദിനമായി ആചരിക്കാം.

ക്നാനായ റിജിയണെ വളർത്തിയ ദൈവത്തിനു നന്ദിയർപ്പിക്കുന്നതോടൊപ്പം, അതിന്റെ ബാലാരിഷ്ടത നിറഞ്ഞ വളർച്ചയിൽ നിർണ്ണായക സംരക്ഷണവും പരിപോഷണവും നല്കിയ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും അല്മായ പ്രേഷിതരെയും ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കാം. കൂടുതൽ മിഷനുകളും പള്ളികളും ഉണ്ടാകുവാൻ തുടർന്നും പ്രാർത്ഥിക്കുകയും മറ്റുള്ളവർക്കു പ്രചോദനമേകുകയും ചെയ്യാം.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം

അന്ധകാരത്തിൽനിന്നു വെളിച്ചത്തിലെത്തിയവർ അന്ധകാര പ്രിയരെ രക്ഷിക്കുവാൻ ത്യാഗികളാകണം.



# സ്വന്തം പള്ളിയ്ക്കുവേണ്ടി കൊതിച്ചപ്പോൾ രൂപതയ്ക്കു സാദ്ധ്യത



*- ലൈസ്സൻ ചങ്ങംമൂലയിൽ*

2001-ലെ ചുട്ടുപൊള്ളുന്ന വേനൽക്കാലം, സൗദി അറേബ്യയിലെ ജിദ്ദ എന്ന സ്ഥലത്ത് ചെറിയൊരു ഭവനത്തിൽ മുന്നൂറോളം വരുന്ന മലയാളികളായ കത്തോലിക്കാവിശ്വാസികൾ അതീവ രഹസ്യമായി ഒത്തുകൂടി. കേരളത്തിൽ നിന്നും ഒരു കപ്പൂച്ചിൻ അച്ചൻ വന്നിട്ടുണ്ട്, അദ്ദേഹത്തിന്റെ ധ്യാനത്തിൽ സംബന്ധിക്കണം; അതായിരുന്നു ലക്ഷ്യം.

സൗദി അറേബ്യ - മത സ്വാതന്ത്ര്യം അല്പം പോലും അനുവദിച്ചുകൊടുക്കാത്ത ഗൾഫ് മേഘലയിലെ ഏക രാജ്യം. അഞ്ചുനേരവും നിസ്കാരത്തിനായി കടകമ്പോളങ്ങളെല്ലാം അടപ്പിച്ച് അള്ളാഹുവിനെ നിർബന്ധിപ്പിച്ച് വിളിപ്പിക്കുന്ന കുറെ പുരോഹിതന്മാരും, മുത്താവകൾ എന്നറിയപ്പെടുന്ന അവരുടെ പോലീസുകാരും. ക്രിസ്ത്യാനിയോ ഹിന്ദുവോ പാഴ്സിയോ ആരായിരുന്നാലും അവരുടെ മതവികാരങ്ങൾക്ക് തെല്ലും വില കല്പിക്കാത്ത യാഥാസ്ഥിതികരുടെ രാജ്യം.

എങ്ങനെയും വിയർപ്പൊഴുക്കി കുറച്ച് പണമുണ്ടാക്കി നാട്ടിലേക്ക് അയയ്ക്കുക എന്നതുമാത്രമായിരുന്നു ഭൂരിപക്ഷംവരുന്ന പ്രവാസികളുടെയും ജീവിത ലക്ഷ്യം. മണലാരണ്യത്തിൽ കഷ്ടപ്പെട്ടു സൗദി റിയാൽ ഉണ്ടാക്കി നാട്ടിലെ നിക്ഷേപം കൂട്ടുമ്പോഴും, ഭൂരിപക്ഷം കത്തോലിക്കാ വിശ്വാസികളുടെയും നെഞ്ചിനുള്ളിൽ ഒരു തേങ്ങലുണ്ടായിരുന്നു: ആത്മീയ തേങ്ങൽ. മരുഭൂമിയിൽ ഒരോ വർഷവും ചെലവിട്ടപ്പോഴും മനസ്സിലെ ആത്മീയതയുടെ ജലാംശം വറ്റിവരണ്ടുകൊണ്ടിരുന്നത് വേദനയുളവാക്കിയിരുന്നു. സഭയും പള്ളിയും വൈദികരും കൂദാശയുമൊന്നുമില്ലാത്ത അവസ്ഥ. ഇതാ മക്കളെ ഈശോ എന്ന് സ്വന്തം കുഞ്ഞുങ്ങളെ ചൂണ്ടികാണിച്ചുകൊടുക്കാൻ ക്രൂശിത രൂപം പോലും ഇല്ലാത്ത അവസ്ഥ. ഇസ്രായേൽ മക്കൾ ഈജിപ്തിൽ അനുഭവിച്ച അടിമത്തം പോലെ, ആത്മീയതയ്ക്കുവേണ്ടിയുള്ള അടങ്ങാത്ത ദാഹം എല്ലാ വ്യക്തികളിലുമുണ്ടായിരുന്നു.

ജിദ്ദയിലെ അമേരിക്കൻ കോൺസുലേറ്റിൽ ജോലിചെയ്യുന്ന ഒരു ഐറിഷ് വൈദികന്റെ കാരുണ്യത്താൽ രണ്ടു മാസത്തിലൊരിക്കൽ ഒരു വെള്ളിയാഴ്ച വളരെ കുറച്ചുപേർക്ക് അതീവ രഹസ്യമായി ഏതെങ്കിലും വീട്ടിൽ വെച്ച് കുർബാനയിൽ പങ്കെടുക്കാൻ സാധിച്ചിരുന്നതാണ് ആകെയുണ്ടായിരുന്ന ആശ്വാസം.

ഈ സമയത്താണ് ദൈവത്തിന്റെ പ്രത്യേക നിയോഗപ്രകാരം കപ്പൂച്ചിൻ സഭയിലെ സുരേഷച്ചൻ ജിദ്ദയിലേക്കു കടന്നുവരുന്നത്. അച്ചനിലൂടെ ദൈവം സംസാരിച്ചപ്പോൾ ആ ദൈവവചനം ശ്രവിക്കുവാനായി ഏതാണ്ട് മുന്നൂറോളം ആൾക്കാർ ഒരു കൊച്ചു ഭവനത്തിൽ വളരെ രഹസ്യമായി ഒന്നിച്ചുകൂടി. ഒന്നനങ്ങുവാൻ പോലും പറ്റാത്ത അവസ്ഥ. ആത്മീയതയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹം അവിടെ പ്രകടമായിരുന്നു.

വീണ്ടും രണ്ടു വർഷങ്ങൾക്കുശേഷം 2003 ജൂണിൽ തേനും പാലും ഒഴുകുന്ന കാനാൻ ദേശമെന്ന് ഉപമിക്കാവുന്ന അമേരിക്കൻ ഐക്യനാടുകളിലേക്ക് കടന്നുവരാൻ ദൈവം അനുവദിച്ചു. വർഷങ്ങളോളം അനുഭവിക്കാതിരുന്ന മതസ്വാതന്ത്ര്യം പെട്ടെന്ന് അനുഭവിച്ചപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. പക്ഷെ ആ സന്തോഷം അധികകാലം നീണ്ടു നിന്നില്ല.

അമേരിക്കയിലെ ലത്തീൻ പള്ളികളിൽ വെള്ളക്കാരുടെ ഔദാര്യത്തിൽ ഏതെങ്കിലുമൊരു മൂലയിൽ നിന്ന് കുർബാനകണ്ട് മടങ്ങേണ്ടിവന്നപ്പോഴും മനസ്സിൽ ഇങ്ങനെ സമാധാനിച്ചു: "സാരമില്ല, ആരേയും പേടിക്കാതെ കുർബാന കാണാമല്ലോ." പക്ഷെ ഒരു ക്നാനായക്കാരനായി ജനിച്ച് സ്വന്തം ഇടവക പള്ളിയിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച് കത്തോലിക്കനായി സീറോമലബാർ ആരാധനക്രമം മുറുകെപിടിച്ച് വളർന്നുവന്ന ധന്യ നിമിഷങ്ങൾ വെറുമൊരു ഓർമ്മയായി മാറുകയായിരുന്നു.

കുറച്ചുനാളുകൾക്കുശേഷം ആഡിസണിലെ ലത്തീൻ ദൈവാലയത്തോടു ചേർന്നുള്ള ബേയ്സ്മെന്റിൽ ക്നാനായക്കാർക്കുവേണ്ടി എല്ലാ ശനിയാഴ്ചകളിലും കുർബാന തുടങ്ങിയപ്പോൾ അതു വലിയമാറ്റത്തിനുള്ള തുടക്കമായിരുന്നു എന്ന് ആരുംതന്നെ കരുതിയിരുന്നില്ല.

വെള്ളക്കാരന്റെ കുർബാന നടക്കുന്ന സമയം വാടകക്കാരനായ ക്നാനായക്കാരന്റെ കാറ് പാർക്ക് ചെയ്യാൻ, വലിയ പാർക്കിംഗ് ലോട്ടിൽനിന്നുമാറി ചെറിയൊരു സ്ഥലം മാത്രം. എന്തിനും ഏതിനും സായിപ്പിന്റെ പഴികേൾക്കാൻ വിധിച്ച കുറെ ക്നാനായ മക്കൾ. മത സ്വാതന്ത്ര്യത്തിന്റെ മൂർത്തീഭാവമെന്ന് അഭി

*(Continued on page 5)*



Feast celebration of St. Thomas the Apostle at Maywood on July 4th sponsored by Kallara St. Thomas Parishioners. Chicago former mission director Fr. Simon Edathiparambil was the main celebrant.

*(Continued from page 4)*

മാനിക്കുന്ന അമേരിക്കയിൽ പലപ്പോഴും യഥാർത്ഥ സ്വാതന്ത്ര്യം നമ്മളനുഭവിച്ചിരുന്നില്ല. അവിടെയാണ് സ്വന്തമായ ക്നാനായ ദൈവാലയമെന്ന അടങ്ങാത്ത ആഗ്രഹത്തിന്റെ അലയടികൾ ഉയരുന്നത്.

ആഡിസൺ പള്ളിയുടെ അൾത്താരയ്ക്കു മുൻപിൽനിന്ന് ക്നാനായ മക്കൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചപ്പോൾ ആ ആഗ്രഹം പൂവണിയാൻ അധിക സമയം വേണ്ടിവന്നില്ല. തിരുഹൃദയത്തിന്റെ മാദ്ധ്യസ്ഥതയിൽ ലോകമാസകലമുള്ള പ്രവാസി ക്നാനായക്കാരുടെ ആദ്യ ദൈവാലയം അമേരിക്കയിലെ മേവുഡിലുണ്ടായി. ആ മനോഹര ദൈവാലയത്തിൽ ആദ്യമായി വിശുദ്ധ കുർബാനയിൽ സംബന്ധിച്ചപ്പോൾ കുറുമുള്ളൂരിലെ സ്വന്തം ഇടവകപള്ളിയുടെ മദ്ബഹായ്ക്കു മുൻപിൽ നില്ക്കുന്ന ഹൃദ്യ അനുഭവം ഏറെ സ്വാതന്ത്ര്യത്തോടെ ആസ്വദിച്ചു.

മേവുഡിലെ തിരുഹൃദയ പള്ളിയിൽനിന്നും കത്തിക്കയറിയ ജീവജ്വാല അമേരിക്കയിലെ ഓരോ ക്നാനായക്കാരന്റെയും മനസ്സിൽ മാറ്റത്തിന്റെ തീജ്വാലയായി മാറി. അപ്പസ്തോലന്മാരിൽ പരിശുദ്ധാത്മാവിന്റെ തീനാവുകൾ ഇറങ്ങിവന്നപ്പോൾ അവരിലുണ്ടായ ആത്മീയ നിറവിന്റെ കൊടുങ്കാറ്റ് ലോകം മുഴുവൻ ആഞ്ഞുവീശിയതുപോലെ, സ്വന്തം ക്നാനായ ദൈവാലയമെന്ന മനോഹരമായ ആശയം ബഹു. മുത്തോലത്തച്ചനിലൂടെ അമേരിക്കയിലെ എല്ലാ മിഷനുകളിലുമെത്താൻ അധികസമയം വേണ്ടി വന്നില്ല. കടുത്ത പ്രതിസന്ധികളിലും സാമ്പത്തിക മാന്ദ്യത്തിലും പെട്ടുഴലുമ്പോഴും നമ്മുടെ വൈദികരുടെയും അല്മായരുടെയും നിസ്വാർത്ഥ സേവനങ്ങളുടെ ഫലമായി മനോഹരമായ അനവധി ദൈവാലയങ്ങൾ നമുക്കുണ്ടാകുന്നു. നമ്മളും നമ്മുടെ മക്കളും അതിന്റെ നല്ല ഫലങ്ങൾ അനുഭവിക്കുന്നു.

കാർട്ടൂൺ കഥാപാത്രങ്ങളെയും ഹാരിപോട്ടറിനെയുമൊക്കെ അനുകരിച്ചിരുന്ന നമ്മുടെ കുഞ്ഞുങ്ങൾ, വൈദികരെയും വൈദിക മേലദ്ധ്യക്ഷന്മാരെയും മനസ്സിലാക്കുവാനും മാതൃകയാക്കുവാനും ശ്രമിക്കുന്നു. അത് നമുക്ക് ഏറെ പ്രത്യാശ പകരുന്നു. ക്നാനായ സമുദായം അമേരിക്കയിൽ നശിക്കുകയല്ല, ശക്തമായി വളരുകയാണ്. ഇനിയും നമുക്ക് ഏറെ മുന്നേറാനുണ്ട്. അമേരിക്കയിലെ ക്നാനായ ഇടവക പള്ളികൾ പലതും ഫൊറോനകളായി, അവ ചേർന്ന് ക്നാനായ രൂപതയായി, ക്നാനായ ഇടയന്റെ കീഴിലാകുന്ന ധന്യ നിമിഷങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം. പ്രതിസന്ധികൾ ഉണ്ടാകാം, പ്രതിബന്ധങ്ങൾ ഉണ്ടാകാം, നിയമങ്ങളുടെ നൂലാമാലകൾ നമ്മെ അലട്ടിയേക്കാം, എങ്കിലും പ്രതീക്ഷ കൈവിടാതെ നമുക്ക് പ്രാർത്ഥിക്കാം.

ക്നാനായ മക്കൾക്ക് സ്വന്തമായി കോട്ടയം രൂപത സമ്മാനിച്ച വിശുദ്ധ പത്താം പീയൂസിന്റെയും ദൈവദാസനായ മാക്കീൽ പിതാവിന്റെയും മാദ്ധ്യസ്ഥം തേടിക്കൊണ്ട് നമ്മുടെ പിതാക്കന്മാരോടും പൂർവ്വപിതാക്കളോടും ചേർന്ന് പ്രാർത്ഥിക്കാം. നമ്മുടെ വൈദികരുടെയും ആത്മായ സഹോദരങ്ങളുടെയും ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ പരിശുദ്ധ ദൈവമാതാവിലൂടെ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കാം. തീർച്ചയായും ആ സുന്ദര നിമിഷങ്ങൾ അതിവിദൂരമാകില്ല. അങ്ങനെ തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തിന്റെ ഉടമകളായി നമുക്ക് മാറാം. ആ ലക്ഷ്യ പ്രാപ്തിക്കായി നമുക്ക് പ്രാർത്ഥനയോടെ കാത്തിരിക്കാം.

## SPECIAL EVENTS OF KNANAYA REGION

**Celebrants: Archbishop Mar Mathew Moolakkatt, Bishop Mar Jacob Angadiath, and Bishop Mar Joseph Pandarasseril.**

**Saturday, July 17, 2010**
9:30 A.M. **Church Consecration in Detroit**
**Sunday, July 18**
9:30 A.M. **Church Consecration of St. Mary's Chicago** at Morton Grove.
1:00 P.M. **Blessing of Visitation Convent of Chicago** at Morton Grove in Chicago.
**Wednesday, July 21**
5:00 P.M. **Church Consecration in San Antonio**
**Monday, July 26**
10:00 A.M. **Church Consecration in Dallas.**
**Wednesday, July 28**
6:30 P.M. **Foundation Stone laying ceremony for Knanaya Church in Houston**
**Saturday, July 31**
2:00 P.M. **Church Consecration in Los Angeles**
6:30 P.M. **Visitation Convent Blessing in Los Angeles**.
**Sunday, August 1**
3:00 P.M. **Church Consecration in Tampa**

## A CLEANUP DAY AT MORTON GROVE CHURCH

Mr. Anto Anthony M.P. and Mr. K.P. Dhanapalan M.P. inaugurating the clean up day at Morton Grove in preparation for the church inauguration.





## FEAST OF STS. PETER & PAUL AT MAYWOOD

Procession for the first feast of Sts. Peter & Paul held at our church in Maywood. Fr. Simon Edathiparambil and Fr. Abraham Mutholath were the celebrants.

# Feast of St. Thomas the Apostle









FEAST CELEBRATION OF

## SR. ST. ALPHONSA

On Sunday August 2nd
at 10:00 A.M.
At Maywood Church.

## വിശുദ്ധ അൽഫോൻസാമ്മയുടെ

തിരുന്നാൾ മേവുഡിൽ
ജൂലൈ 25 ഞായറാഴ്ച 10:00ന്.
കാർമ്മികൻ: ഫാ. റ്റോം M.S.F.S.

## HALL AVAILABLE FOR PRIVATE USE

Our auditorium at Morton Grove church is available for your functions.
For reservations, please contact
Biju Kizhakkekuttu
at 773-255-9777
with advance payment.



| READINGS & READERS | കൈത്താക്കാലം | | |
|---|---|---|---|
| July 11 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | Deuteronomy 4:10-24 | Binoy Machanickal | Jincy Aikkaraparambil |
| 2nd Reading | 1 Corinth. 15:58-16:14 | Binu Edakarayil | Maria Pulikkamattam |

| READINGS & READERS | കൈത്താക്കാലം | | |
|---|---|---|---|
| July 18 | PASSAGE | SACRED HEART | ST. MARY'S UNIT |
| 1st Reading | 1 King 6: 1-19 | No Mass | Maya Palliveettil |
| 2nd Reading | 1 Thessalonians 4: 1-8 | No Mass | Joice Mattathikunnel |

## For Favors Received



- ബേബി മേനാമറ്റം

## പള്ളി കൂദാശയ്ക്കു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഡ്രസ് കോഡ് പാലിക്കുക. മാതാവിന്റെ പേരിലുള്ള പള്ളിയായതിനാൽ നീലയും വെള്ളയും നിറങ്ങളാണ് പ്രതീക്ഷിക്കുന്നത്.
2. വാഹനങ്ങളുടെ എണ്ണം കുറയ്ക്കുവാൻ കഴിവതും കാർപൂൾ ചെയ്യുക. വലിപ്പം കുറഞ്ഞ കാറുകൾ ഉപയോഗിക്കുക.
3. പാർക്കിംഗ് നിയന്ത്രിക്കുന്നവരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.
4. അയല്പക്കക്കാരുടെ ഡ്രൈവ് വേ ബ്ളോക്ക് ചെയ്യാതെ പാർക്കിംഗ് നിയമങ്ങൾ പാലിക്കുക.
5. പരിസരവും ബാത്ത് റൂമും വൃത്തിയായി സൂക്ഷിക്കുക.
6. പള്ളിയിൽ ഭക്ഷണം പ്രവേശിപ്പിക്കരുത്.

## DRESS CODE FOR MORTON GROVE CHURCH CONSECRATION

**Adult Ladies:** Set saree and blue blouse.
**Young Ladies:** Blue Churidar or set saree and blue blouse.
**Girls:** Blue skirt and white blouse

**Men:** Mundu and blue shirt.
**Boys:** Black pants and blue shirt

| OFFERINGS | July 4 |
|---|---|
| **ST. MARY'S:** Regular Mass | 189.00 |
| Annual Contribution | 240.00 |
| 2nd Collection: Sabha Dinam | 127.00 |
| Feast offerings (Kazhunnu) | 438.00 |
| Building Fund | 19,701.00 |
| Bench Sponsors | 4,000.00 |
| Piggy Bank | 1,000.00 |
| **TOTAL ST. MARY'S** | **25,695.00** |
| Regular Offering | 1,545.00 |
| 2nd Collection: Sabha Dinam | 375.00 |
| Feast of St. Thomas Nercha | 367.00 |
| Guadalupe Shrine | 93.00 |
| Facility Usage | 2,050.00 |
| Betrothal Donation | 180.00 |
| Building Fund | 75.00 |
| **TOTAL MAYWOOD** | **4,685.00** |
| Agape Store Donation | 84.00 |
| Mantra Collection | 102.00 |
| **TOTAL AGAPE** | **186.00** |

## Wedding Bann

Anish Abraham s/o Abraham and Suna Karappallil (Uzhavoor) with Mahima Jacob d/o Jacob and Jaimole Pulimoottil (Kallissery) both from Sacred Heart Knanaya Catholic Parish Chicago to be held at Uzhavoor on August 19, 2010. 3/3

## SPECIAL CLASSES

**We have scheduled special classes for Holy Communion and Chrismation candidates of St. Mary's Unit from 10 : 00 A.M. - Noon at Morton Grove Church on July 10, and August 21, 2010.**

YOU INVITE THE GUESTS, WE DO THE REST
Malabar
Catering & Carry-out

**Professional with 11 years experience in catering.**
Call
**WILLIAM GEORGE**
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

WE ARE COMMITTED TO EXCELLENCE
COMING TOGETHER TO SERVE YOU BETTER



Sofi Lukose Puthenpurayil
(Loan Officer)
Lincolnwood Mortgage Services
4039 W. Main St. Skokie, IL 60076
Cell: 847-894-7486
Office: 847-674-1600
Fax: 847-674-1608
Email: lukose5@aol.com

Cyriac Lukose Puthenpurayil, Msc
Broker Associate
REMAX 1st Class Realty
3949 W. Dempster, Skokie, IL 60076
Cell: 847-877-2870
Office: 847-674-9797
Fax: 847-674-0411
Email: lukose5@aol.com

RESIDENTIAL & COMMERCIAL
Each Office Independently Owned and Operated
RE/MAX 1st Class Realty

Your Rehab Specialists



Pro-Rehab Services, P.C.
&
Choicecare Home Health, Inc.



Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

